# ചെന്നൈ കാണാൻ ഫ്രീ സൈക്കിൾ

**നഗരത്തിലൂടെ ചുറ്റിക്കറങ്ങാൻ മൂന്നു മെട്രോ സ്റ്റേഷനുകളിൽ സൗജന്യ സൈക്കിൾ**

ടിറ്റോ തങ്കച്ചൻ
tittothankachan@gmail.com

ലോക്കൽ ട്രെയിൻ, മീറ്റർ ടാക്സി, ഷെയർ ഓട്ടോ, ഓൺലൈൻ ടാക്സി, കോൾ ടാക്സി, എസി ബസ്, മെട്രോ... ഈ പറഞ്ഞ യാത്രാ മാർഗങ്ങളെല്ലാം ഉള്ളതിനാൽ ചെന്നൈ പട്ടണത്തിൽ എത്തുന്നവർക്കു യാത്രയ്ക്കു കാര്യമായ ബുദ്ധിമുട്ടു നേരിടേണ്ടി വരാറില്ല. സ്വന്തം കീശയ്ക്കു താങ്ങാൻ കഴിയുന്ന തരത്തിലുള്ള യാത്രാ മാർഗം യാത്രികനു തിരഞ്ഞെടുക്കാമെന്നതാണു നഗരത്തിന്റെ വലിയ പ്രത്യേകതകളിലൊന്ന്. ഒരു പുതിയ യാത്രാ സംവിധാനം കൂടി ചെന്നൈയിലേക്കു പരീക്ഷണാടിസ്ഥാനത്തിൽ എത്തിയിരിക്കുന്നു. മൂന്ന് മെട്രോ സ്റ്റേഷനുകളിൽ സൗജന്യ സൈക്കിൾ യാത്ര എന്നതാണു പുതിയ പദ്ധതി. കാശൊന്നും നൽകാതെ യാത്ര ചെയ്യാമെന്നത് ഒന്നാമത്തെ ഗുണം. വ്യായാമം കൂടി സൈക്കിൾ യാത്ര നൽകുമെന്നതു രണ്ടാമത്തെ ഗുണം. ചെലവില്ലാത്തതും ആരോഗ്യപ്രദവുമായ പുതിയ സംവിധാനം നഗരത്തിലേക്ക് എത്തിച്ചിരിക്കുന്നത് ഒരു മലയാളിയാണ്.

'ആതീസ് ബൈസൈക്കിൾ ക്ലബ്' എന്ന കമ്പനിയാണ് ചെന്നൈയിലെ മൂന്നു മെട്രോ സ്റ്റേഷൻ കേന്ദ്രീകരിച്ചു സൗജന്യ സൈക്കിൾ സവാരി ഒരുക്കുന്നത്. എം.എസ്. അതിരൂപ് എന്ന മലയാളി യുവാവാണു തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനിയുടെ സ്ഥാപകൻ. കൊച്ചി മെട്രോ സ്റ്റേഷനിൽ ഇപ്പോൾ ആതീസ് ബൈസൈക്കിൾ ക്ലബ്ബിന്റെ സൗജന്യ സൈക്കിൾ പദ്ധതി സുഗമമായി മുന്നോട്ടു പോകുന്നുണ്ട്.

നെഹ്റു പാർക്ക്, ഷേണായി നഗർ, വടപളനി എന്നീ മെട്രോ സ്റ്റേഷനുകളിലാണു സൗജന്യ സൈക്കിൾ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചത്. സ്വന്തമായി മൊബൈൽ ഫോണുള്ള ആർക്കും സൈക്കിൾ എടുത്തു നഗരത്തിലൂടെ ചുറ്റാം. 30 സൈക്കിളുകളാണ് ഇതിനായി ചെന്നൈയിൽ ആതീസ് ബൈസൈക്കിൾ ക്ലബ് എത്തിച്ചിരിക്കുന്നത്. പദ്ധതി വിജയമാണെന്നു കണ്ടാൽ എല്ലാ മെട്രോ സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കും. ചെന്നൈ മെട്രോ റെയിൽ കോർപറേഷൻ അധികൃതരുടെ സഹകരണത്തോടെ നടത്തുന്ന പദ്ധതിക്ക് ഒരുമാസം കൊണ്ടു തന്നെ മികച്ച പ്രതികരണമാണു ലഭിക്കുന്നത്.



നെഹ്റു പാർക്ക് മെട്രോ സ്റ്റേഷനിലെ സൈക്കിൾ റാക്ക്.
ചിത്രം: വിബി ജോബ്

## സൈക്കിൾ എടുക്കാൻ

മൂന്നു മെട്രോ സ്റ്റേഷനിലും വാഹനം പാർക്ക് ചെയ്യുന്ന സ്ഥലത്തു തന്നെയാണ് ആതീസ് ബൈസൈക്കിൾ ക്ലബ്ബിന്റെ സൈക്കിൾ റേക്കും സ്ഥാപിച്ചിട്ടുള്ളത്. സൈക്കിളുകൾ നമ്പർ ലോക്ക് ഉപയോഗിച്ചു പൂട്ടിയാണു സൂക്ഷിച്ചിരിക്കുന്നത്.

ഓരോ സ്റ്റേഷനിലെയും റേക്കിന് പ്രത്യേക കോഡ് ഉണ്ട്. സൈക്കിളിൽ നാലക്ക നമ്പരും രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷന്റെ കോഡും നാലക്ക നമ്പരും എസ്എംഎസ് ചെയ്താൽ നമ്പർ ലോക്ക് തുറക്കാനുള്ള രഹസ്യ നമ്പർ മൊബൈലിലേക്ക് എത്തും. ഇതുപയോഗിച്ച് ലോക്ക് തുറന്ന് സൈക്കിളുമായി എവിടെ വേണമെങ്കിലും പോകാം. 24 മണിക്കൂറിനുള്ളിൽ സൈക്കിൾ ഏതെങ്കിലുമൊരു മെട്രോ സ്റ്റേഷനിൽ തിരികെ എത്തിക്കണം. തിരികെ സൈക്കിൾ റേക്കിലേക്ക് വയ്ക്കുമ്പോൾ സ്റ്റേഷൻ കോഡും സൈക്കിൾ നമ്പരും മറ്റൊരു നമ്പരിലേക്ക് മെസേജായി അയയ്ക്കണം.

ഉദാഹരണത്തിനു നെഹ്റു പാർക്ക് സ്റ്റേഷനിൽ നിന്ന് സൈക്കിൾ എടുക്കാൻ, സ്റ്റേഷന്റെ റേക്ക് കോഡായ npk എന്നു ടൈപ്പ് ചെയ്തു സ്പേസ് ഇട്ട ശേഷം സൈക്കിളിലെ നാലക്ക നമ്പരും ടൈപ്പ് ചെയ്ത് 96455 11155 എന്ന നമ്പരിലേക്ക് എസ്എംഎസ് ചെയ്യുക. അപ്പോൾ ലോക്ക് തുറക്കാനുള്ള രഹസ്യ നമ്പർ മൊബൈലിലേക്ക് വരും. ലോക്ക് തുറന്നശേഷം സൈക്കിളുമായി കറങ്ങാം. ലോക്കും കൂടെ കൊണ്ടു പോകണം. ഉപയോഗത്തിനിടെ സുരക്ഷിതമായി സൈക്കിൾ പൂട്ടിവയ്ക്കാനും ലോക്ക് ഉപകരിക്കും.

24 മണിക്കൂറിനുള്ളിൽ നെഹ്റു പാർക്കിൽ നിന്നുമെടുത്ത സൈക്കിൾ നെഹ്റു പാർക്കിലുള്ള റേക്കിലോ വടപളനിയിലെയോ ഷേണായ് നഗറിലെയോ റേക്കിൽ തിരികെവയ്ക്കാം. സൈക്കിൾ തിരികെ റേക്കിൽ വച്ചശേഷം നമ്പർ ലോക്ക് ഉപയോഗിച്ചു പൂട്ടുക. ഇതിനുശേഷം ഏതു സ്റ്റേഷനിലെ റേക്കിലാണോ സൈക്കിൾ തിരികെ വച്ചത്, ആ സ്റ്റേഷന്റെ കോഡും സൈക്കിൾ നമ്പരും 97463 61166 എന്ന നമ്പരിലേക്ക് എസ്എംഎസ് ചെയ്താൽ മതിയാകും.

ഉദാഹരണത്തിനു നെഹ്റു പാർക്കിൽ നിന്നും എടുക്കുന്ന സൈക്കിൾ ഷേണായ് നഗറിലെ റേക്കിലാണു തിരികെവയ്ക്കുന്നതെങ്കിൽ ഷേണായ് നഗറിലെ റേക്കിന്റെ സ്റ്റേഷൻ കോഡായ snr എന്നു ടൈപ്പ് ചെയ്തു സ്പേസ് ഇട്ട ശേഷം സൈക്കിളിന്റെ നാലക്ക കോഡും ടൈപ്പ് ചെയ്ത് 97463 61166 എന്ന നമ്പരിലേക്ക് എസ്എംഎസ് അയയ്ക്കുക. തിരികെ ഏൽപിക്കുന്ന സൈക്കിളുകളുടെ നമ്പർ ലോക്ക് സൂക്ഷിപ്പുകാർ ഇടയ്ക്കിടെ മാറ്റും.



## സൈക്കിൾ ക്ലബ്ബിനെക്കുറിച്ച് അറിയാൻ

- ആതീസ് ബൈസൈക്കിൾ ക്ലബ്ബിനെ കുറിച്ച് അറിയാൻ abc എന്നു ടൈപ്പ് ചെയ്ത് 96455 11155 എന്ന നമ്പരിലേക്ക് എസ്എംഎസ് അയയ്ക്കുക.
- ക്ലബ്ബിൽ അംഗമാകാൻ പേര്, മേൽവിലാസം, ഇമെയിൽ ഐഡി, ജോലി എന്നിവ 96455 11155 എന്ന നമ്പരിലേക്ക് എസ്എംഎസ് അയക്കുക.
- ചെന്നൈയിലെ മെട്രോ സ്റ്റേഷനുകളായ നെഹ്റുപാർക്ക്, ഷേണായി നഗർ, വടപളനി എന്നിവിടങ്ങളിൽ നിന്നും സൈക്കിൾ എടുക്കാൻ മെട്രോ സ്റ്റേഷന്റെ കോഡ് ടൈപ്പ് ചെയ്തു സ്പേസ് ഇട്ട ശേഷം സൈക്കിളിൽ എഴുതിയിരിക്കുന്ന നാലക്ക നമ്പർ 96455 11155 എന്ന നമ്പരിലേക്ക് എസ്എംഎസ് അയക്കുക.
(ഉദാ- npk3629 എന്നു ടൈപ്പ് ചെയ്ത് 9645511155 എന്ന നമ്പരിലേക്ക് എസ്എംഎസ് അയയ്ക്കുക.)
- വാടകയ്ക്ക് എടുത്ത സൈക്കിൾ തിരികെ വയ്ക്കാൻ മെട്രോ സ്റ്റേഷന്റെ റേക്ക് കോഡ് ടൈപ്പ് ചെയ്തു സ്പേസ് ഇട്ട ശേഷം സൈക്കിളിലെ നാലക്ക നമ്പർ 97463 61166 എന്ന നമ്പരിലേക്ക് എസ്എംഎസ് അയയ്ക്കുക.
(ഉദാ- snr3600 എന്നു ടൈപ്പ് ചെയ്ത് 9746361166 എന്ന നമ്പരിലേക്ക് എസ്എംഎസ് അയയ്ക്കുക.)
- മെട്രോ സ്റ്റേഷനുകളിലെ ആതീസ് ബൈസൈക്കിൾ റേക്കിന്റെ കോഡുകൾ.
1) നെഹ്റു പാർക്ക്- npk
2) ഷേണായി നഗർ- snr
3) വടപളനി- vpl

## റജിസ്ട്രേഷൻ ഫീസ് ഇല്ല

- സൈക്കിൾ ക്ലബ്ബിൽ അംഗമെടുക്കുന്നതിനു പ്രത്യേക റജിസ്ട്രേഷൻ ഫീസോ, സൈക്കിൾ ഉപയോഗിക്കുന്നതിനു പണം കെട്ടിവയ്ക്കുകയോ ചെയ്യേണ്ട.
- ഉപയോഗത്തിന് എടുത്ത സൈക്കിൾ 24 മണിക്കൂറിനുള്ളിൽ മടക്കി നൽകുക.
- ഒരുമാസം 100 മണിക്കൂർ വരെ ഒരാൾക്കു സൈക്കിൾ സേവനം ഉപയോഗിക്കാം.
- എസ്എംഎസ് അയക്കുമ്പോൾ മൊബൈൽ കമ്പനി ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന എസ്എംഎസ് നിരക്കുകൾ നൽകേണ്ടി വരും. സൗജന്യ എസ്എംഎസ് ഓഫറുകൾ ഉള്ളവർക്കു പണം നഷ്ടമാകില്ല.
- ക്ലബ്ബിനെ സംബന്ധിക്കുന്ന എല്ലാവിധ സംശയങ്ങൾക്കും മലയാളത്തിൽ വിവരങ്ങൾ ലഭിക്കാൻ 97445 11777 എന്ന നമ്പരിൽ വിളിക്കുക.